തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നടപടികളിലൂടെ കരകൗശല തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

കണ്ടെറ സിറാമിക്സ്

166 (551) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന കണ്ടെറ സിറാമിക്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) സിറാമിക്സ് ഉല്പന്നങ്ങൾ, കാലാനുസൃത പരിഷ്കരണവും വൈവിധ്യവത്ക്കരണവും വരുത്തി പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കി യെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കുറെ വർഷങ്ങൾക്കുശേഷം ആദ്യമായി 2016 ജനുവരി മാസം കമ്പനി ലാഭത്തിലാണ് പ്രവൃത്തിച്ചത്. കാലാനുസൃതമായ സാങ്കേതിക വിദ്യയുടെയും പ്ലാന്റിന്റെ ആധുനികവൽക്കരണത്തിന്റെയും അഭാവവും പ്രധാന അസംസ്കൃത വസ്തുവായ ചൈനക്ലേയുടെ ലഭ്യതക്കുറവും കണ്ടെറ സിറാമിക്സിന്റെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

(ബി) പ്രധാന അസംസ്കൃത വസ്തുവായ ചൈനാക്ലേയുടെ ലഭ്യത ഉറപ്പുവരുത്താൻ പുതിയ ഖനനഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 28.74 കോടി രൂപയുടെ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly